പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 7506

17-07-2012 – ൽ മറുപടിയ്ക്ക്

**ചിറക്കര ഗ്രാമ പഞ്ചായത്തിലെ മാലാക്കായൽ വികസന പദ്ധതി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജി.എസ്. ജയലാൽ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയുംമൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാന കൃഷി വകുപ്പ് കെ.എൽ.ഡി.സി മുഖേന ചിറക്കര ഗ്രാമ പഞ്ചായത്തിലെ മാലാക്കായൽ വികസന പദ്ധതി നടപ്പിലാക്കുന്നതിനായി എന്നാണ് ഭരണാനുമതി നൽകിയത്; എത്രരൂപയ്ക്കാണ് ഭരണാനുമതി നൽകിയത്; | (എ) ചിറക്കര ഗ്രാമപഞ്ചായത്തിലെ മാലാക്കായൽ വികസന പദ്ധതിയ്ക്ക് 30-6-07-ൽ 80.24 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. |
| (ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനം ആരംഭിച്ചത് എന്നാണ്; കരാർ കാലാവധി എന്നായിരുന്നു; കാലാവധി അവസാനിച്ചിട്ട് എത്ര വർഷമായി; നിലവിൽ എത്രത്തോളം പണികൾ നടന്നു; ഇനി എന്തൊക്കെ പ്രവർത്തനങ്ങളാണ് ശേഷിക്കുന്നത്; | (ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനം 18-7-08ൽ ആണ് ആരംഭിച്ചത്. എഗ്രിമെന്റ് വയ്ക്കുമ്പോൾ പണി പൂർത്തിയാക്കുവാനുള്ള കാലാവധി 14-4-2009 ആയിരുന്നു. നിശ്ചിത കാലയളവിന് പദ്ധതി പൂർത്തീകരിക്കുവാൻ കാലതാമസം നേരിടുകയും തന്മൂലം ഈ പദ്ധതിയുടെ പൂർത്തീകരണത്തിന് 31-12-2012 വരെ കാലാവധി നീട്ടികൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ '355' മീറ്റർ നീളത്തിൽ ഭാഗികമായി ബണ്ട് നിർമ്മിച്ചിട്ടുണ്ട്. കൂടാതെ സ്ലൂയിസ് കം ബ്രിഡ്ജ്-1, വെൽ-1 എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 550 മീറ്റർ നീളത്തിൽ ബണ്ട് നിർമ്മാണം ശേഷിക്കുന്നുണ്ട്. |

(സി) പദ്ധതി പ്രവർത്തനം ആരംഭിക്കുമ്പോൾ ഉള്ള കരാറുകാരൻ തന്നെയാണോ ഈ ജോലി ഇപ്പോഴും നടത്തുന്നത്; ഇല്ലായെങ്കിൽ ആരെന്ന് അറിയിക്കുമോ; പ്രസ്തുത കരാറുകാരന് എത്ര രൂപയാണ് നൽകിയിട്ടുള്ളത്; ഇനി എത്ര രൂപ നൽകുവാനുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) ഈ പ്രവർത്തനം പൂർത്തീകരിക്കുവാൻ കഴിയാത്തതിൽ കരാറുകാരന് പങ്കുണ്ടോ; വിശദാംശം അറിയിക്കുമോ;

(ഇ) പ്രവർത്തി തുടരുന്നതുമായി ബന്ധപ്പെട്ട് കോടതി വ്യവഹാരങ്ങൾ നിലവിലുണ്ടോ; എത്രയെണ്ണം, ഇപ്പോഴത്തെ അവസ്ഥയുടെ വിശദാംശം അറിയിക്കുമോ;

(സി) യും (ഡി) യും (ഇ) യും പദ്ധതി പ്രവർത്തനം ആരംഭിക്കുമ്പോൾ ടെണ്ടർ എടുത്തത് ശ്രീ. ജേക്കബ് ജോസഫ് ഒറ്റത്തെങ്ങിൽ ആയിരുന്നു. ടി ആൾ 25-8-09-ൽ ശ്രീ. അജയകുമാർ, മാനേജിംഗ് പാർട്ണർ, കുന്നത്ത് കൺസ്ട്രക്ഷൻ എന്ന ആളിനു പവ ർ ഓഫ് അറ്റോർണി നൽകുകയും അതിനുശേഷമുള്ള പണികൾ പവർ ഓഫ് അറ്റോർണിക്കാരനാണ് നടത്തിവരുന്നത്. ശ്രീ ജേക്കബ് ജോസഫ് എന്ന കരാറുകാരന് 4.04 ലക്ഷം രൂപയും പവർ ഓഫ് അറ്റോർണിക്കാരന് 28.277 ലക്ഷം രൂപയും കൊടുത്തിട്ടുള്ളതുൾപ്പെടെ ഈ പ്രവർത്തിക്കു വേണ്ടി 32.317 ലക്ഷം രൂപ ചെലവായിട്ടുണ്ട്. പ്രവൃത്തി തുടരുന്നതുമായി ബന്ധപ്പെട്ട് '3' വ്യവഹാരങ്ങൾ ഹൈക്കോടതിയിലും ഒരെണ്ണം പറവൂർ മുനിസിഫ് കോടതിയിലുമുണ്ട്.

(എഫ്) ഈ പ്രവർത്തനം പൂർത്തീകരിക്കുന്നതിന് ഉദ്യോഗസ്ഥതലത്തിൽ വീഴ്ച വന്നിട്ടുള്ളതായി ബോദ്ധ്യമുണ്ടോ; വിവരം വെളിവാക്കുമോ;

(എഫ്) പദ്ധതി പൂർത്തീകരിക്കുന്ന കാര്യത്തിൽ ഉദ്യോഗസ്ഥ തലത്തിൽ വീഴ്ച ഉണ്ടായിട്ടില്ല എന്നാണ് പദ്ധതി നടപ്പിലാക്കുന്ന കേരള ലാന്റ് ഡവലപ്മെന്റ് കോർപ്പറേഷൻ അറിയിച്ചിട്ടുള്ളത്.

(ജി) എന്നത്തേക്ക് പ്രവർത്തി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ?

(ജി) പദ്ധതി പൂർത്തീകരണത്തിനായി അനുവദിച്ചിട്ടുള്ള കാലാവധി 31-12-2012 ആണ്. കോടതി വ്യവഹാരങ്ങൾ കഴിഞ്ഞാൽ ഒരു മാസത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് കെ.എൽ.ഡി.സി മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ